ഇടിയഞ്ചിറ താൽക്കാലിക റിംഗ് ബണ്ടിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി സാമ്പത്തികാനുമതി, ഭരണാനുമതി എന്നിവ നൽകുകയും സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നു. ഏനാമാക്കൽ താൽക്കാലിക ബണ്ടിന്റെ ഭരണാനുമതി 20-7-2021-ൽ നൽകിയിട്ടുണ്ട്.

(ബി) താൽക്കാലിക റിംഗ് ബണ്ടുകൾ നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എസ്റ്റിമേറ്റ് തുക എത്രയാണെന്ന് അറിയിക്കാമോ?

ഉണ്ട്. ഇടിയഞ്ചിറ - 15.5 ലക്ഷം രൂപ ഏനാമാക്കൽ - 36 ലക്ഷം രൂപ.

(സി) പ്രസ്തുത താല്ക്കാലിക റിംഗ് ബണ്ടുകളുടെ നിർമ്മാണം എന്ന് ആരംഭിക്കുമെന്നും എന്ന് പൂർത്തീകരിക്കുമെന്നും അറിയിക്കാമോ?

ഡിസംബർ ആദ്യവാരത്തിൽ പ്രവൃത്തി ആരംഭിച്ച് 20 ദിവസം കൊണ്ട് പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു.

ആറ്റപ്പിള്ളി റെഗുലേറ്റർ-കം-ബ്രിഡ്ജ്

194(500) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിലെ ആറ്റപ്പിള്ളി റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ അപ്രോച്ച് റോഡിൽ നിരവധി ഗർത്തങ്ങൾ ഉണ്ടായതും തന്മൂലം റോഡ് ഗതാഗതയോഗ്യമല്ലാതായിത്തീർന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെയും റോഡിന്റെയും നിർമ്മാണത്തിൽ എന്തെങ്കിലും അപാകതകൾ കണ്ടെത്തിയിട്ടുണ്ടോ?

പ്രസ്തുത റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണത്തിൽ അപാകത കണ്ടെത്തിയതിനെ തുടർന്ന് 2019-ൽ ഒരു Permanent Technical Committee രൂപീകരിക്കുകയും പ്രവൃത്തിയിലെ പോരായ്മകൾ വിലയിരുത്തുന്നതിനായി ഈ സമിതി പീച്ചിയിലെ കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (KERI), തൃശ്ശൂരിനെ ചുമതലപ്പെടുത്തുകയും ചെയ്തു. എന്നാൽ കൃത്യമായി ന്യൂനതകൾ വിലയിരുത്തുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ നിലനിൽക്കുന്നതിനാൽ അത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഇതുസംബന്ധിച്ച് വിശദമായി പരിശോധന നടത്തി അപാകതകളും ന്യൂനതകളും പരിഹരിച്ച് റോഡ് ഗതാഗതയോഗ്യമാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പ്രസ്തുത റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണത്തിൽ അപാകത കണ്ടെത്തിയതിനെ തുടർന്ന് 2019-ൽ ഒരു Permanent Technical Committee രൂപീകരിക്കുകയും പ്രവൃത്തിയിലെ പോരായ്മകൾ വിലയിരുത്തുന്നതിനായി ഈ സമിതി പീച്ചിയിലെ കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (KERI), തൃശ്ശൂരിനെ ചുമതലപ്പെടുത്തുകയും ചെയ്തു. എന്നാൽ കൃത്യമായി ന്യൂനതകൾ വിലയിരുത്തുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ നിലനിൽക്കുന്നതിനാൽ അത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മുട്ടിൽ കാപ്പിൽ റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണം

195(501) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ ചെറുകുന്ന് ഗ്രാമപഞ്ചായത്തിലെ മുട്ടിൽ കാപ്പിൽ റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുന്നതിന് ഐ.ആർ.ഡി.പി.-യിൽ സമർപ്പിച്ച ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഡിസൈൻ തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കണ്ണൂർ ജില്ലയിലെ ചെറുകുന്ന് ഗ്രാമപഞ്ചായത്തിലെ മുട്ടിൽ കാപ്പ് റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടും ആയതിന്റെ സ്കെച്ചറൽ ഡിസൈനിനുള്ള ഇൻഡന്റും സ്കീം റിപ്പോർട്ടും തയ്യാറാക്കി വരുന്നു. ആയതു പൂർത്തീകരിക്കുന്ന മുറയ്ക്ക് ഐ.ഡി.ആർ.ബി.-യിലേയ്ക്ക് നൽകി സ്കെച്ചറൽ ഡിസൈൻ ലഭ്യമാക്കുവാനും തുടർന്ന് എസ്റ്റിമേറ്റ് എടുക്കുന്നതിനും മറ്റുമുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

കാലടി കുന്ന് റെഗുലേറ്റർ കം ബ്രിഡ്ജ്

196(502) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള കാലടി കുന്ന് റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ; പ്രസ്തുത പ്രോജക്ടിന്റെ വിശദമായ വിവരങ്ങൾ ലഭ്യമാക്കാമോ; പദ്ധതി നടപ്പിലാക്കുന്നതിന് സ്ഥലം ഏറ്റെടുക്കേണ്ടതുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദ വിവരങ്ങൾ ലഭ്യമാക്കാമോ?

31-12-2018-ലെ സ.ഉ.(സാധാ)നമ്പർ 943/2018/ജ.വി.വ. ഉത്തരവ് പ്രകാരം കാലടിക്കുന്ന് റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണം KIIDC ആണ് നിർവ്വഹിക്കുന്നത്. കാലടിക്കുന്ന് റെഗുലേറ്റർ കം ബ്രിഡ്ജിന്റെ ഐ.ഡി.ആർ.ബി.